**വിദേശകാര്യ, പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന സഹമന്ത്രി ശ്രീ. കീർത്തി വർധൻ സിംഗിന്റെ താജിക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക് സന്ദർശനം (മെയ് 29 - ജൂൺ 06, 2025)**

മെയ് 28, 2025

വിദേശകാര്യ, പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന സഹമന്ത്രി (MoS) ശ്രീ. കീർത്തി വർധൻ സിംഗ് 2025 മെയ് 29 മുതൽ 2025 ജൂൺ 06 വരെ താജിക്കിസ്ഥാനും കിർഗിസ് റിപ്പബ്ലിക്കും സന്ദർശിക്കും.

2. താജിക്കിസ്ഥാനിലെ ദുഷാൻബെയിൽ 2025 മെയ് 29 മുതൽ ജൂൺ 01 വരെ നടക്കുന്ന ഹിമാനികളുടെ സംരക്ഷണം സംബന്ധിച്ചുള്ള ഉന്നതതല അന്താരാഷ്ട്ര സമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധികളുടെ സംഘത്തെ MoS നയിക്കും. ഈ സന്ദർശന വേളയിൽ, MoS താജിക്കിസ്ഥാൻ വിദേശകാര്യ മന്ത്രിയുമായും മറ്റ് വിശിഷ്ട വ്യക്തികളുമായും ഉഭയകക്ഷി യോഗങ്ങൾ നടത്തും. താജിക്കിസ്ഥാനിലെ ഇന്ത്യൻ സമൂഹവുമായും MoS കൂടിക്കാഴ്ച നടത്തും.

3. ദുഷാൻബെയിൽ നിന്ന് MoS കിർഗിസ് റിപ്പബ്ലിക്കിലേക്ക് യാത്ര ചെയ്യും. ബിഷ്കെക്കിൽ, MoS കിർഗിസ് വിദേശകാര്യ മന്ത്രിയുമായും മറ്റ് വിശിഷ്ട വ്യക്തികളുമായും ഉഭയകക്ഷി യോഗങ്ങൾ നടത്തും. സന്ദർശന വേളയിൽ കിർഗിസിലെ ഇന്ത്യൻ സമൂഹവുമായും MoS സംവദിക്കും.

4. 2025 ജൂൺ 5-6 തീയതികളിൽ കിർഗിസിലെ ഇസിക്-കുലിൽ നടക്കുന്ന ഗ്ലോബൽ സ്നോ ലെപ്പേർഡ് ആൻഡ് ഇക്കോസിസ്റ്റം പ്രൊട്ടക്ഷൻ പ്രോഗ്രാം (GSLEP) സ്റ്റിയറിംഗ് കമ്മിറ്റിയുടെ IX -മത് യോഗത്തിൽ പങ്കെടുക്കുന്ന ഇന്ത്യൻ പ്രതിനിധി സംഘത്തെയും MoS നയിക്കും.

5. കിർഗിസുമായും താജിക്കിസ്ഥാനുമായും ഇന്ത്യയ്ക്ക് ബഹുമുഖവും പരസ്പരം പ്രയോജനകരവുമായ തന്ത്രപരമായ പങ്കാളിത്തം ആണുള്ളത്. MoS ശ്രീ. കീർത്തി വർധൻ സിംഗിന്റെ താജികിസ്ഥാനിലേക്കും

കിർഗിസിലേമുള്ള വരാനിരിക്കുന്ന സന്ദർശനം അവരുമായുള്ള ഇന്ത്യയുടെ ബന്ധം കൂടുതൽ ദൃഢമാക്കാൻ സഹായിക്കും.

**ന്യൂഡൽഹി**

**മെയ് 28, 2025**